I/86479/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1048/2022-ICDSB3

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 16-03-2023
E-Mail:directorate.wcd@kerala.gov.in
E-Mail: icdsbsection@gmail.com
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ് - പോഷകബാല്യം പദ്ധതി – 2022-23 –തുക വിനിയോഗിക്കുന്നത്- സംബന്ധിച്ച്:-

സൂചന:- വനിത ശിശു വികസന ഡയറക്ടറുടെ 23.02.2023 ലെ DWCD/1047/2022-ICDS B3, DWCD/1048/2022-ICDS B3 നമ്പർ ഉത്തരവുകൾ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടിയിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം വീതം മൂന്ന് മാസത്തേയ്ക്ക് പാലും മുട്ടയും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക പ്രോഗ്രാം ഓഫീസർമാരുടെ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി അനുവദിച്ച് സൂചന പ്രകാരം ഉത്തരവായിരുന്നു. 2023 മാർച്ച് മാസം 20 വരെയുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്. ശിശു വികസന പദ്ധതി ഓഫീസർമാർ **മാർച്ച് മാസം 20** വരെയുള്ള പാൽ/മുട്ട വിതരണം ചെയ്തതിന് ശേഷം അടിയന്തിരമായി ബിൽ മാറാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അനുവദിച്ച തുക കൂടാതെ അധികമായി അലോട്ട്മെന്റ് ആവശ്യമുള്ള ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ടി തുകയുടെ വിശദാംശം ശേഖരിച്ച് വിശദമായി പരിശോധിച്ച് 5 ദിവസത്തിനകം ഈ കാര്യാലയത്തിൽ അലോട്ട്മെന്റ് റിക്വസ്റ്റ് ചെയ്യേണ്ടതാണ്.

സൂചന പ്രകാരം അനുവദിച്ച തുക ബന്ധപ്പെട്ട വിതരണ ഏജൻസിയ്ക്ക് കൈമാറിയതിന്റെ വിശദമായ വിവരം, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം ശിശുവികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും, പ്രോഗ്രാം ഓഫീസർമാർ ആയത് ക്രോഡീകരിച്ച് 2023 മാർച്ച് 25 ന് മുൻപായി ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി